**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208** — **24-06-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക രംഗത്തെ വെല്ലുവിളികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. എൻ. കെ. അക്ബർ</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ ജി.എസ്.ഡി.പി., പ്രതിശീർഷ വരുമാനം എന്നിവ 2015-ൽ എത്രയായിരുന്നുവെന്നും നിലവിൽ എത്രയാണെന്നും വ്യക്തമാക്കുമോ;</td><td>(എ)</td><td>സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ലഭ്യമാക്കിയിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ 2015-16, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ തനതു വിലയിലുള്ള സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനം, പ്രതീശീർഷ വരുമാനം എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.
<table>
<tr><th rowspan="2">ഇനം</th><th colspan="2">സാമ്പത്തിക വർഷം</th></tr>
<tr><th>2015-16</th><th>2024-25 (Projected)</th></tr>
<tr><td>തനതു വിലയിലുള്ള സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനം (തുക കോടിയിൽ)</td><td>561993.61</td><td>1311437</td></tr>
<tr><td>തനതു വിലയിലുള്ള പ്രതിശീർഷ മൊത്ത ആഭ്യന്തര ഉത്പാദനം (തുക രൂപയിൽ)</td><td>164554</td><td>367056</td></tr>
</table></td></tr>
<tr><td>(ബി)</td><td>സാമ്പത്തിക രംഗത്ത് പ്രശംസനീയമായ വളർച്ചയുണ്ടായെങ്കിലും നിയന്ത്രണാതീതമായ കാരണങ്ങളാൽ സർക്കാർ വെല്ലുവിളികൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ;</td><td>(ബി)</td><td>സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് അതീതമായ പല ഘടകങ്ങളാലും കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുവെന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ്</td></tr>
</table>

| | | | |
|---|---|---|---|
| | | | വരുത്തിയത് എന്നിവയാണ് പ്രധാനമായും സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കത്തിന് ഇടയാക്കിയിട്ടുള്ള കാരണങ്ങൾ.<br><br>പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സംസ്ഥാന സർക്കാരിന്റെ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ കൂടുതൽ വഷളാക്കി.<br><br>എന്നിരുന്നാലും സംസ്ഥാനത്തിന്റെ തനതു നികുതി നികുതിയേതര വരുമാനത്തിൽ വളർച്ച കൈവരിച്ചുകൊണ്ട് സാമൂഹ്യ ക്ഷേമ വികസന ചെലവുകൾക്ക് വേണ്ടത്ര ഊന്നൽ നൽകാനും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനും ഈ കാലയളവിൽ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് മാത്രമല്ല മേൽ വിവരിച്ച ആഘാതങ്ങളിൽ നിന്നും ശക്തമായ തിരിച്ചു വരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. |
| (സി) | സഹകരണ ഫെഡറലിസം എന്ന ആശയത്തിനനുസൃതമായി വിഭവങ്ങൾ സംസ്ഥാനവുമായി പങ്കുവയ്ക്കുന്നതിൽ കേന്ദ്ര സർക്കാർ വിമുഖത കാട്ടുന്നുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനങ്ങളുടെ മൂലധന നിക്ഷേപങ്ങൾക്കായി കേന്ദ്ര സർക്കാർ പലിശ രഹിത വായ്പയായി പ്രത്യേക സഹായ പദ്ധതിയിലൂടെ എല്ലാ സംസ്ഥാനങ്ങൾക്കും ധനസഹായം അനുവദിക്കുന്നുണ്ട്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ലായെന്ന കാരണമുയർത്തി NHM, PMABHM മുതലായ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേരളത്തിന് തുക അനുവദിക്കുന്നില്ലായെന്ന് മാത്രമല്ല ഇതേ കാരണമുയർത്തി പലിശ രഹിത വായ്പ സഹായ പദ്ധതിയിലൂടെ മൂലധന നിക്ഷേപങ്ങൾക്കുവേണ്ടി സംസ്ഥാനത്തിന് ലഭ്യമാകേണ്ട പ്രത്യേക സഹായവും തടയുകയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗം 1-ന് 1925 കോടി രൂപയാണ് ഇക്കാരണത്താൽ സംസ്ഥാനത്തിന് നിരസിക്കപ്പെട്ടത്. ഇപ്രകാരമുള്ള കേന്ദ്ര സർക്കാരിൻറെ നടപടികൾ സഹകരണ ഫെഡറലിസം എന്ന ആശയത്തിനു നിരക്കാത്തതാണ്. മാത്രമല്ല ഓരോ സംസ്ഥാനത്തിനും അനുയോജ്യമായ രീതിയിൽ സംസ്ഥാനങ്ങളുമായി ആലോചിച്ച് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളല്ല ഇപ്പോൾ നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ